പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2986 **29-10-2026-ൽ മറുപടിയ്ക്ക്**

വിദ്യാർത്ഥികളുടെ മാനസികാരോഗ്യം-കൗൺസിലിംഗ്-ലഹരി വിരുദ്ധ ബോധവൽക്കരണ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. പി. പി. സുമോദ്	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) വിദ്യാർത്ഥികളുടെ മാനസികാരോഗ്യം, കൗൺസിലിംഗ്, ലഹരി വിരുദ്ധ ബോധവൽക്കരണം എന്നിവയ്ക്കായി സ്കൂൾ തലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: സംസ്ഥാനത്ത് 1680 ഗവൺമെന്റ്/എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലും വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യവും വ്യക്തിത്വ വികസനവും ലക്ഷ്യമിട്ട് **സൗഹൃദ ക്ലബ്ബുകൾ** പ്രവർത്തിച്ചുവരുന്നു. സൗഹൃദ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിലാണ് സൗഹൃദ ക്ലബ്ബിന്റെ പ്രവർത്തനം നടത്തിവരുന്നത്. സ്കൂളുകളിലെ ഒരു അദ്ധ്യാപകന്/അദ്ധ്യാപികയ്ക്ക് പ്രാഥമികമായി 3 ദിവസത്തെ റസിഡൻഷ്യൽ പരിശീലനം (Introductory Training) നൽകിയാണ് സൗഹൃദ കോ-ഓർഡിനേറ്ററുടെ ചുമതല നൽകുന്നത്. മാനസിക സമ്മർദ്ദങ്ങൾ ഉൾപ്പെടെ അനുഭവിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്താനും അവർക്കാവശ്യമായ സൈക്കോസോഷ്യൽ സപ്പോർട്ട് ഉറപ്പ് വരുത്തുന്നതിനും പ്രാഥമിക കൗൺസലിംഗ് നൽകുന്നതിനും ആവശ്യമായ പരിശീലനം സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് നൽകിയിട്ടുണ്ട്.

Introductory Training ലെ ഒരു സെഷൻ വിദ്യാർത്ഥികളിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ടാണ്. വിദ്യാർത്ഥികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യണം എന്നത് സൗഹൃദ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് NIMHANS ബാംഗ്ലൂരിൽ നടക്കുന്ന വിദഗ്ധ പരിശീലനത്തിലും (Special Training for Souhrida Co-ordinators) ഉൾപ്പെടുത്തിയിട്ടുണ്ട്. 2023-24 വർഷത്തിൽ 40 അദ്ധ്യാപകർക്ക് NIMHANS ബാംഗ്ലൂരിൽ വച്ച് പ്രത്യേക പരിശീലനം നൽകുകയുണ്ടായി. ടി പരിശീലനത്തിൽ "Substance Abuse" പ്രത്യേക വിഷയമായി തിരഞ്ഞെടുക്കുകയും ആയത് സംബന്ധിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ അവബോധം വളർത്തുന്നതിനായി ഒരു ദിവസത്തെ പരിശീലനം നൽകുന്നതിനായി പ്രത്യേകമായി മൊഡ്യൂൾ തയ്യാറാക്കുകയും ചെയ്തിരുന്നു. പ്രത്യേക പരിശീലനം ലഭിച്ച 40 അദ്ധ്യാപകരെ വെച്ച് 41 വിദ്യാഭ്യാസ ജില്ലകളിലേയും സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് പരിശീലനം നൽകുകയും അവർ മുഖേന സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ്/എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലും "Prevention of Substance Abuse" സംബന്ധിച്ച ക്ലാസുകൾ നൽകിവരുന്നു.

“പവർ ബ്രിഗേഡ്” എന്ന പേരിൽ 5 ദളങ്ങളിലായി വിദ്യാർത്ഥികളുടെ ഒരു കൂട്ടായ്മ പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 140 സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. ഇതിലെ ലഹരി വിരുദ്ധ ദളത്തിന്റെ പ്രവർത്തന ലക്ഷ്യം വിദ്യാർത്ഥികളുടെ ഇടയിൽ പ്രവർത്തിക്കാൻ അവരിൽ നിന്നുമുള്ള ഒരു ടീമിനെ സജ്ജമാക്കി പ്രവർത്തിക്കുക എന്നതാണ്. ലഹരി വിരുദ്ധ ദളം മുഖേന ക്യാമ്പസുകളിൽ ലഹരി വിരുദ്ധ സംസ്കാരം വളർത്തുന്നതിനും, ലഹരി വസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ തിരിച്ചറിയാനും അതോടൊപ്പം നിയമങ്ങളെ കുറിച്ചുള്ള ബോധവൽക്കരണവും നൽകി വരുന്നു.

സൗഹൃദ ക്ലബ്ബിന്റെ നേതൃത്വത്തിൽ എല്ലാ ഹയർസെക്കൻഡറി സ്കൂളുകളിലും **"മക്കളെ അറിയാൻ"** എന്ന പേരിൽ ശരിയായ രക്ഷാകർതൃത്വവുമായി ബന്ധപ്പെട്ട് ഒരു Session നൽകി വരുന്നുണ്ട്. ഡോക്ടർമാരാണ് സാധാരണ ഗതിയിൽ Session ന് നേതൃത്വം നൽകാറുള്ളത്. ഈ ഒരു മോഡ്യൂളിൽ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് ഒരു Session കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഹയർസെക്കൻഡറി സ്കൂളുകളിലും ഈ പ്രോഗ്രാം നടത്താനുള്ള നിർദ്ദേശം നൽകുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാർത്ഥികളുടെ മാനസികാരോഗ്യം കൗൺസിലിംഗ്, ലഹരി വിരുദ്ധ ബോധവൽക്കരണം എന്നിവക്കായി സ്കൂൾ തലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വി.എച്ച്.എസ്.ഇ വിഭാഗത്തിൽ കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിങ് സെൽ, എൻ.എസ്.എസ് എന്നിവ മുഖേന വിവിധ പ്രോഗ്രാമുകൾ നടത്തി വരുന്നു. കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിങ് സെൽ മുഖേന കുട്ടികളുടെ മാനസികാരോഗ്യത്തിന് നടത്തിവരുന്ന പ്രോഗ്രാമുകളാണ് ഒഡീസി, ബ്ലൂ പ്രിന്റ് തുടങ്ങിയവ. കൂടാതെ സ്കൂളുകളിൽ കൗൺസിലിംഗ് നടത്തുന്നതിലേക്കായി കൗൺസിലറുടെ സേവനവും നൽകിവരുന്നു.

വി.എച്ച്.എസ്.ഇ എൻ.എസ്.എസ്. വിഭാഗം ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി രഹിത ലഹരി, സുചിന്തിതം സദസ്സുകൾ, യെല്ലോ ലൈൻ ക്യാമ്പയിൻ, ഡ്രോൺ, വർജ്ജ്യം എന്നീ പ്രോഗ്രാമുകൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ